I/506764/2025

A6

# ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം), തൃശ്ശൂർ

പിൻ കോഡ് : 680001, ഫോൺ: 0487 2333242

ഇ-മെയിൽ: dmohtsr@gmail.com

തിയതി: 14-05-2025

**ഫയൽ നം.എ 6-4030/2024/DMOH/TSR**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : ആരോഗ്യവകുപ്പ് - ജി.മെ.ഓ.(ആ.)തൃശൂർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി. എൽസി എം.വി -നഴ്സിംഗ് ഓഫീസർ ഗ്രേഡ് II -ആളൂർ കുടുബാരോഗ്യ കേന്ദ്രം - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1)എ 6-4030/2024/DMOH/TSR/കുറ്റാരോപണ മെമ്മോ/തിയതി 20-01-2025

ശ്രീമതി. എൽസി എം.വി (പെൻ-304500), ആളൂർ കുടുബാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് II ആയി ജോലി നോക്കി വരവേ, 01-08-2018 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി സ്ഥാപനമേധാവി നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സ്ഥാപനമേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും മേൽസൂചന പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകുന്നതിന് മെമ്മോ കൈപ്പറ്റിയ ദിവസം മുതൽ 15 ദിവസം അനുവദിച്ചിരുന്നു,അതിനു മറുപടി ഒന്നും തിരികെ ലഭ്യമായിട്ടില്ല. ഇത്രയും കാലമായിട്ടും താങ്കൾ ജോലിചെയ്തിരുന്ന സ്ഥാപനത്തിലേക്ക് രേഖാമൂലം ഇതുവരെ സർവീസ് സംബന്ധമായി ഒരു ആവശ്യത്തിനും ബന്ധപ്പെട്ടിട്ടില്ല.

ആയതിനാൽ എൽസി എം.വി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 01-08-2018 മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ താത്ക്കാലികമായി എടുത്തിരിക്കുന്ന തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. മേൽതാത്ക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി. നോട്ടീസ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താത്ക്കാലിക തീരുമാനം സ്ഥിതീകരിച്ചുകൊണ്ട് ഉത്തരവാകുന്നതാണ്.

**ഡോ: ശ്രീദേവി.ടി .പി,**

**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ**

സ്വീകർത്താവ് :-

Signed by
Sreedevi T P
Date: 15-05-2025 17:45:55

ശ്രീമതി.എൽസി എം.വി (സ്ഥാപന മേധാവി മുഖേന)
മേലേടൻ ഹൗസ്
ചെറുവാളൂർ ,കൊരട്ടി .തൃശ്ശൂർ 680308

പകർപ്പ് :- 1. മെഡിക്കൽ ഓഫീസർ , ആളൂർ കുടുബാരോഗ്യ കേന്ദ്രം.
2. ഫയൽ